LIBRARY ARCHIVES Kerala Legislative Assembly

ലൈബ്രറികൾ, അങ്കണവാടികൾ, ക്ലബ്ബുകൾ തുടങ്ങിയ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനാവശ്യത്തിനായി ടി.വി. വാങ്ങുന്നതിന് സഹായം നൽകിയിരുന്നു. ടി.വി. സെറ്റിന്റെ വിലയുടെ 75% തുക അല്ലെങ്കിൽ പരമാവധി 10,000 രൂപ ഏതാണോ കുറവ് അത് എന്ന നിലയിൽ 5980 ടി.വി. വാങ്ങുന്നതിനായി ഇതുവരെ 5,59,69,445 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

2. അതുപോലെ കുടുംബശ്രീ, കേരള ഐ.ടി. മിഷൻ എന്നിവരുമായി കൂടി ചേർന്ന് കെ.എസ്.എഫ്.ഇ. നടപ്പാക്കിയ "കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി" പ്രകാരം കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഓൺലൈൻ പഠനാവശ്യത്തിനുള്ള COCONICS, ACER, LENOVO, HP എന്നീ നാല് കമ്പനികളുടെ ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ലാപ്ടോപ്പ് കമ്പനികൾ പർച്ചേയ്സ് ഓർഡർ നൽകിയ പ്രകാരം ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തിയ സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് അവർ പൊതുവിപണിയിൽനിന്നും വാങ്ങുന്ന ലാപ്ടോപ്പിന്റെ/ടാബ്ലെറ്റിന്റെ പ്രൊഫോർമ ഇൻവോയ്സ്/ബിൽ ശാഖകളിൽ ഹാജരാക്കുന്ന മുറയ്ക്ക് പരമാവധി 20,000 രൂപ വരെയുള്ള തുക നൽകുന്ന വിധത്തിൽ പദ്ധതിയിൽ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. ലാപ്ടോപ്പ്, കമ്പനികൾ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് കൈപ്പറ്റുവാൻ താത്പര്യമുള്ളവർക്ക് അതിനുള്ള അവസരവും നൽകി വരുന്നു.

**കെ.എസ്.എഫ്.ഇ. ലാപ്ടോപ്പ് ചിട്ടി**

139 (524) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ പഠനത്തിന് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാൻ കെ.എസ്.എഫ്.ഇ. തുടങ്ങിയ ചിട്ടിയുടെ ഗുണം ഈ ചിട്ടിയിൽ ചേർന്ന ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഓൺലൈൻ പഠനത്തിന് കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നൽകാൻ കെ.എസ്.എഫ്.ഇ. നടപ്പിലാക്കുന്ന പദ്ധതിയാണ് " കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി" . ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ലാപ്ടോപ്പ് തെരഞ്ഞെടുത്തിട്ടുള്ളതും പർച്ചേയ്സ് ഓർഡർ നൽകിയിട്ടുള്ളതുമായ 61981 എണ്ണത്തിൽ ഇതുവരെ 9810 ലാപ്ടോപ്പുകൾ COCONICS, ACER, HP, LENOVO എന്നീ നാല് കമ്പനികൾ സപ്ലൈ ചെയ്യുകയും ഭൂരിഭാഗം ലാപ്ടോപ്പുകളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുന്നതിൽ കമ്പനികൾ കാലതാമസം വരുത്തിയ സാഹചര്യത്തിൽ പദ്ധതിയിൽ ഒരു പുനഃക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. അതുപ്രകാരം ഗുണഭോക്താക്കൾക്ക് അവർക്കിഷ്ടമുള്ള ലാപ്ടോപ്പ്/ടാബ്ലറ്റ് പൊതുവിപണിയിൽനിന്നും വാങ്ങുന്നതിനുള്ള പ്രൊഫോർമ/ഇൻവോയ്സ് അല്ലെങ്കിൽ വാങ്ങിയതിന്റെ ബില്ല് ബന്ധപ്പെട്ട ശാഖയിൽ ഹാജരാക്കിയാൽ 20,000 രൂപ വരെയുള്ള തുക വായ്പയായി നൽകുന്നതാണ്. മാത്രമല്ല ലാപ്ടോപ്പ് ലഭിക്കുന്നതുവരെ കാത്തിരിക്കുവാൻ തയ്യാറുള്ള ഗുണഭോക്താക്കൾക്ക് ആയത് സപ്ലൈ ചെയ്യുന്ന മുറയ്ക്ക് വാങ്ങാവുന്നതുമാണ്. കൂടാതെ ലാപ്ടോപ്പ് ആവശ്യമില്ലാതെ അടച്ച സംഖ്യ തിരികെ ആവശ്യപ്പെടുന്ന ഗുണഭോക്താക്കൾക്ക് ആയത് തിരിച്ചുനൽകുന്നതുമാണ്.

(ബി) ഈ ചിട്ടി ഇപ്പോഴും നടക്കുന്നുണ്ടോ; ഇല്ലായെങ്കിൽ നിർത്തുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതി ഇപ്പോഴും നടക്കുന്നുണ്ട്.

(സി) ഈ ചിട്ടിക്ക് പകരം സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഈ ചിട്ടിക്ക് പകരം സംവിധാനം സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല.

**കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖ ആരംഭിക്കൽ**

140 (525) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖ ആരംഭിക്കുവാൻ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

സാദ്ധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽനിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിദ്ധ്യം എന്നിവയ്ക്ക് പുറമെ ബിസിനസ്സ് സാദ്ധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.